പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 5021

28-10-2016 ൽ മറുപടിക്ക്

## കാർഷിക കർമ്മസേന

ചോദ്യം

ശ്രീ. ആർ രാമചന്ദ്രൻ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കൃഷിഭവനകളോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കൃഷിഭവനകളോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനയുടെ ചുമതലകൾ താഴെ പറയുന്നു.<br>1. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ നിലവാരമുള്ള സേവനം വേണ്ട സമയത്ത് ന്യായമായ വേതന വ്യവസ്ഥയിൽ കാർഷിക മേഖലയിൽ കർഷകർക്ക് ലഭ്യമാക്കുക.<br>2. കാർഷിക യന്ത്രവൽക്കരണം നല്ല രീതിയിൽ നടപ്പിലാക്കുക<br>3. യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക<br>4. കർഷക തൊഴിലാളികൾക്ക് തൊഴിൽ മാന്യത ഉറപ്പ് വരുത്തുക. |
| ബി) കാർഷിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കാർഷിക കർമ്മസേനകൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (ബി) | നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ കാർഷിക പ്രവർത്തനങ്ങളും വിവിധ യന്ത്രങ്ങളുടെ സഹായത്തോടുകൂടി കർമ്മസേനകൾ നിർവ്വഹിക്കുന്നു. |
| സി) ആധുനിക കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും സാധാരണ കർഷകരെ പ്രാപ്തരാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ഈ സേനയെ വിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ആധുനിക യന്ത്രങ്ങളിൽ വിദഗ്ധ പരിശീലനം നേടിയ തൊഴിലാളികളാണ് കേരളത്തിലെ കർമ്മസേനകളിലുള്ളത്. ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനും അങ്ങനെ ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേന എന്നിവയുടെയും പ്രവർത്തനം ഏകോപിപ്പിക്കുവാനും സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കാർഷിക ഉല്പാദന രംഗത്തെ ഏതുതരം പ്രവൃത്തികളും ഏറ്റെടുക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയുന്ന ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിക്കുവാനും ശാസ്ത്രീയ പരിശീലനം ലഭിച്ച കാർഷിക മേഖലയിലെ കർമ്മസേനയാക്കി മാറ്റാൻ സംസ്ഥാന അടിസ്ഥാനത്തിൽ ഒരു നോഡൽ ഓഫീസറെ നിയോഗിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ